(ഡി) ഇതിനായി ഓരോ ബ്ലോക്കിലും എത്ര ജീവനക്കാരുടെ ആവശ്യമുണ്ടെന്നും, ഇപ്പോൾ എത്രപേരെ നിയമിച്ചിട്ടുണ്ട് എന്നും പ്രസ്തുത ബ്ലോക്കുതല ലിസ്റ്റുകളിൽ നിന്നും എത്രപേരെ ഏതെല്ലാം ബ്ലോക്കുകളിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ഇ) വിവിധ ബ്ലോക്കുകളിലെ പ്രസ്തുത ലിസ്റ്റുകളിൽ നിന്നും സംവരണ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ക്ഷീരവികസന വകപ്പിലെ താൽക്കാലിക നിയമനങ്ങൾ സുതാര്യമാക്കാൻ താൽക്കാലിക നിയമനങ്ങൾ എല്ലാംതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രം നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരേയും നിയമിച്ചിട്ടില്ല.

(ബി-ഇ) ഉദിക്കുന്നില്ല.

(എഫ്) ക്ഷീര വികസന വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ സുതാര്യമായതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നടത്തപ്പെടുന്നതുമാണ്.

കാർഷിക സർവ്വകലാശാലയ്ക്ക് ധനസഹായം നൽകാൻ നടപടി

81 (4120) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാലയുടെ പ്രയോജനം ലഭിക്കുന്ന വകുപ്പുകൾ അവയുടെ ബഡ്ജറ്റ് വിഹിതത്തിന്റെ 15 ശതമാനത്തിൽ കുറയാത്ത തുക കാർഷിക സർവ്വകലാശാലയ്ക്ക് ധനസഹായമായി നല്കണമെന്ന് കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ചുള്ള വിഷയനിർണ്ണയ സമിതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം കാർഷിക സർവ്വകലാശാലയുടെ പ്രയോജനം ലഭിക്കുന്ന മൃഗസംരക്ഷണം ഫിഷറീസ്, ക്ഷീരവികസനം, വനം, സഹകരണം എന്നീ വകുപ്പുകൾക്ക് നൽകുമോ ;

(സി) കാർഷിക സർവ്വകലാശാലയുടെ പ്രയോജനം ലഭിക്കുന്ന വകുപ്പുകൾ സാമ്പത്തിക സഹായം നൽകുകയാണെങ്കിൽ കാർഷിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിഷയനിർണ്ണയ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു റിസോഴ്സ് മൊബിലൈസേഷൻ കമ്മിറ്റി രൂപീകരിക്കുകയും കൃഷി വകുപ്പുമന്ത്രിയും കാർഷികോല്പാദന കമ്മീഷണറും ഈ വിഷയം കാർഷിക സർവ്വകലാശാലയുടെ പ്രയോജനം ലഭിക്കുന്ന വകുപ്പുകളുടെ തലവന്മാരുമായി

LIBRARY ARCHIVES Kerala Legislative Assembly

പല പ്രാവശ്യം ചർച്ചചെയ്യുകയും വിഷയ നിർണ്ണയസമിതിയുടെ ശുപാർശയനുസരിച്ച് കാർഷിക സർവ്വകലാശാലയ്ക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2.2 കോടി രൂപ ലഭിച്ചു. മറ്റു വകുപ്പുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ

82 (4121) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിൽ എത്ര പ്രൊഫസർമാരുടെയും അദ്ധ്യാപകരുടേയും തസ്തികകൾ നിലവിലുണ്ട് എന്നും ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും അവ നികത്താൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജിന്റെ വികസനം ലക്ഷ്യമാക്കി ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 പ്രൊഫസർ തസ്തികകളും 13 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും ഒൻപത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 27 അദ്ധ്യാപകരുടെ സേവനം ലഭ്യമാണ്.

(ബി) കാർഷിക സർവ്വകലാശാലയിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 19-9-2001-ൽ കൂടിയ പബ്ലിക് അക്കൗണ്ടസ് കമ്മിറ്റി ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശം അനുസരിച്ചാണ് നിയമനം നടത്താത്തത്.

(സി) നടപടികൾ കൈക്കൊണ്ടു വരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ പർച്ചേസ് കമ്മിറ്റി

83 (4122) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഓരോ വർഷവും മരുന്നുകളും മറ്റു സാധനങ്ങളും വാങ്ങുന്നതിന് ഓർഡർ നൽകുന്നതും സ്വീകരിക്കുന്നതും വില നൽകുന്നതും മൃഗസംരക്ഷണ വകുപ്പിലെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയാണോ ;

LIBRARY ARCHIVES Kerala Legislative Assembly